# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3710 – 21/06/2018 ലെ മറുപടിക്ക്

## മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക്

**ചോദ്യം** | **ഉത്തരം**

ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. ടി. ബൽറാം
ശ്രീ. കെ. സി. ജോസഫ്
ശ്രീ. അൻവർ സാദത്ത്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് (ജി.എസ്.ഡി.പി.) മുൻ വർഷങ്ങളെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ കുറഞ്ഞതായി സി. ആന്റ് എ.ജി. റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നുണ്ടോ; | 2016-17 സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ജി.എസ്.ഡി.പി കുറഞ്ഞതായാണ് സി & എ. ജി -യുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായി സമ്പദ് വ്യവസ്ഥയിലുണ്ടായ തകർച്ചയാണ് വളർച്ചാ നിരക്ക് കുറഞ്ഞതിന് പ്രധാന കാരണം. നോട്ടു നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥ സ്ഥിതി കൂടുതൽ മോശമാവാൻ കാരണമായി. എന്നിരുന്നാലും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള കരുതൽ നടപടിയുടെ ഫലമായി ജി.എസ്.ഡി.പി വളർച്ചാ നിരക്ക് അവസാന മൂന്നുവർഷത്തെ ദേശീയ വളർച്ചാ നിരക്കിനേക്കാൾ കൂടുതൽ കൈവരിച്ചിട്ടുണ്ട്. |
| ബി | സമ്പദ് വ്യവസ്ഥയുടെ പ്രധാന സൂചികയായ വളർച്ചാ നിരക്ക് കുറയുന്നത് ആശങ്കാജനകമായ കാര്യമല്ലേ; ഇത് സർക്കാരിന്റെ നയങ്ങളിലുള്ള വീഴ്ചയായി വിലയിരുത്താമോ; | |
| സി | ജനങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന ജി.എസ്.ഡി.പി. കുറഞ്ഞത് സർക്കാരിന്റെ പരാജയമാണോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ